

# സ്രഷ്ടാവായ ദൈവം

1

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

## പാഠം 2

# എല്ലാം ദൈവം സൃഷ്ടിച്ചു





വിശാലമായ ആകാശം,
വെളിച്ചം തരുന്ന സൂര്യൻ,
മിന്നിതിളങ്ങുന്ന നക്ഷത്രങ്ങൾ,
പൂനിലാവ് പൊഴിക്കുന്ന ചന്ദ്രൻ,
ഫലം പുറപ്പെടുവിക്കുന്ന ഭൂമി,
മൃഗങ്ങൾ,പക്ഷികൾ,മരങ്ങൾ
കടൽ, നദികൾ, മത്സ്യങ്ങൾ
എല്ലാം ദൈവം സൃഷ്ടിച്ചു

# ഏറ്റു ചൊല്ലാം

**ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലുള്ള സകലതും സൃഷ്ടിച്ചു.**



ദൈവം എല്ലാറ്റിനേയും

ഇല്ലായ്മയിൽ നിന്നും

സൃഷ്ടിച്ചു.

ദൈവം സർവ്വശക്തനാണ്.

# കൈകൾ കൂപ്പാം

സർവ്വശക്തനായ  ദൈവമേ, അങ്ങ് സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളോടും ചേർന്നു അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.





# നമുക്കു പാടാം

സർവ്വശക്തനായ ദൈവം

സർവ്വം സൃഷ്ടി ചെയ്ത
ദൈവം

സൃഷ്ടിയെല്ലാം ദൈവദാനം

മഹത്വപൂർണ്ണം.

ദൈവം സർവ്വശക്തനല്ലോ

സർവ്വസൃഷ്ടി നാഥനല്ലോ

സൃഷ്ടി ലോകമൊന്നു
ചേർന്ന്

പാടിവാഴ്ത്തീടാം.

## മനഃപാഠമാക്കാം

‘ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു’

ഉൽപത്തി 1:1

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* എല്ലാം ദൈവം സൃഷ്ടിച്ചു.

* ഇല്ലായ്മയിൽ നിന്നാണ് ദൈവം എല്ലാം സൃഷ്ടിച്ചത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സർവ്വശക്തനായ ദൈവത്തിൽ ഞാൻ ആശ്രയിക്കും

## സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഓരോ സൃഷ്ടിയേയും ദർശിക്കുമ്പോൾ സ്രഷ്ടാവായ ദൈവമേ, ഞാനങ്ങയെ സ്തുതിക്കുന്നു എന്നു മനസ്സിൽ ഉരുവിടും.




THANK
YOU